**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5861.** **02.07.2019 ൽ മറുപടിയ്ക്ക്**

**മയക്ക് മരുന്ന് മാഫിയകളെക്കുറിച്ച് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തേക്ക് കോടികളുടെ മയക്ക് മരുന്ന് കടത്തുന്ന മാഫിയകളെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തുന്നതിന്റെ ഫലമായും സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായും സമീപ കാലയളവിൽ നിരവധി മേജർ മയക്കുമരുന്ന് കേസുകൾ കണ്ടെടുത്തിട്ടുണ്ട്. |
| (ബി) | കൊച്ചിയിൽ നിന്ന് പാഴ്സൽ സർവ്വീസ് വഴി ഇരുന്നൂറ് കോടിയുടെ എം.ഡി.എം.എ കടത്തുവാൻ ശ്രമിച്ചത് എക്സൈസ് സംഘത്തിന്റെ ഇടപെടൽ മൂലം പിടികൂടുവാൻ സാധിച്ചിട്ടുണ്ടോ; ഇതിന് പിന്നിലുള്ള വൻ ശക്തികൾ ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | സാധിച്ചിട്ടുണ്ട്. ടി കേസിൽ കണ്ണൂർ സ്വദേശി പ്രശാന്ത് കുമാറിനെ അറസ്റ്റ് ചെയ്ത് നടപടി സ്വീകരിക്കുകയും ഈ കേസിലെ മുഖ്യ പ്രതിയെന്ന് കരുതുന്ന ചെന്നൈ സ്വദേശി അലിയെന്നയാളെ കണ്ടെത്തുന്നതിനായി അന്വേഷണം ഊർജ്ജിതപ്പെടുത്തിയിട്ടുമുണ്ട്. |
| (സി) | മയക്കുമരുന്ന് മാഫിയകളെ കുറിച്ച് കുറ്റമറ്റ രീതിയിൽ അന്വേഷിക്കുന്നതിനും അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും ഇക്കാര്യത്തിൽ പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. മയക്ക്മരുന്ന് കേസിലുൾപ്പെട്ട പ്രതികൾക്ക് നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാദ്ധ്യമായ പരമാവധി ശിക്ഷ ലഭിക്കത്തക്ക രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ടിയാളുകളുടെ സ്വത്ത് കണ്ടുകെട്ടുന്നതടക്കമുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്. അന്താരാഷ്ട്ര ബന്ധമുള്ള കള്ളക്കടത്തുകാർ ഉൾപ്പെട്ട കേസ്സുകളിൽ കേന്ദ്രസർക്കാരിന്റെ നർക്കോട്ടിക് കൺട്രോൾ ബ്യൂറോ, സെൻട്രൽ ഐ.ബി. എന്നീ ഏജൻസികളുടെ സഹായം തേടിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**